LIBRARY ARCHIVES Kerala Legislative Assembly

പള്ളിക്കരയിൽ റെയിൽവേ മേൽപ്പാലം

339 (1383) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീലേശ്വരം-ചെറുവത്തൂർ ദേശീയ പാതയിൽ പള്ളിക്കരയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മേൽപ്പാലത്തിന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏതു ഘട്ടത്തിലാണ് ;

(സി) മേൽപ്പാല നിർമ്മാണം അനിശ്ചിതമായി നീളുന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ-സി) 2003-ൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു. 2009-2010 സാമ്പത്തിക വർഷത്തിൽ 16.5 കോടി രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചില്ല. തുടർന്ന് തലപ്പാടി-കറ്റിപ്പുറം ദേശീയപാത കി.മീ. 18/050 മുതൽ 318/000 വരെ നാലുവരിപ്പാത നിർമ്മിക്കുന്നതിനായി ദേശീയപാത അതോറിറ്റി ഏറ്റെടുത്തതിനാൽ വാർഷിക പദ്ധതിയിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയില്ല. എന്നാൽ എൻ.എച്ച്. 17 നാലുവരിപ്പാത നിർമ്മാണത്തിൽ നിന്ന് ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പിൻമാറിയതുകൊണ്ട് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുവാനുള്ള പുതിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം തയ്യാറാക്കി വരികയാണ്.

വട്ടോളിപ്പാലം നിർമ്മാണം

340 (1384) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിനെയും മാലൂർ ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന വട്ടോളിപ്പാലം നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ ;

(ബി) വട്ടോളിപ്പാലം നിർമ്മാണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോയെന്നും എത്ര തുകയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) വട്ടോളിപ്പാലം നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ നബാർഡിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) വട്ടോളിപ്പാലം നിർമ്മാണത്തിന് 2015-16 സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വട്ടോളിപ്പാലം നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു ഡിസൈൻ തയ്യാറാക്കിവരുന്നു.

(സി) സമർപ്പിച്ചിട്ടില്ല.

(ഡി) പാലത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

പൊതുമരാമത്ത് കരാറുകാരുടെ കുടിശ്ശിക തുക

341 (1385) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ ജോലി ചെയ്ത കരാറുകാർക്ക് എത്ര രൂപയാണ് കുടിശ്ശികയുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ജോലികൾ പൂർത്തിയാക്കി ബില്ലുകൾ സമർപ്പിച്ച ഏതു മാസം വരെയുള്ള തുകയാണ് ഇതുവരെ കൊടുത്തു തീർത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കരാറുകാരുടെ കുടിശ്ശിക തുക പൂർണ്ണമായും എന്ന് കൊടുത്തു തീർക്കാനാവുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1680.79 കോടി രൂപയും, കെട്ടിട വിഭാഗത്തിൽ 453.55 കോടി രൂപയും, ദേശീയപാത വിഭാഗത്തിൽ 54.09 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്.

(ബി) 31-12-2013 വരെയുള്ള ബില്ലുകളാണ് അവസാനമായി മാറിയത്.

(സി) 2014 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ ബില്ലുകൾ യഥാക്രമം 2015 മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിൽ സർക്കാർ നൽകുമെന്ന് ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ കരാറുകാർക്ക് ബാങ്കുകളിൽ നിന്നും ഉടൻ പണം ലഭ്യമാക്കാൻ വേണ്ടി ബിൽ ഡിസ്കൗണ്ട് സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കി തുകയും ബില്ലുകളുടെ മുൻഗണനാ ക്രമമനുസരിച്ച് തുടർന്നുള്ള മാസങ്ങളിൽ കൊടുത്തു തീർക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly